ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം കൊടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എത്ര കർഷകരുടെ കുടുംബങ്ങൾക്കാണ് ആശ്വാസം നൽകിയത്?

ശ്രീമതി കെ.ആർ. ഗൗരിയമ്മ : 1300 പേർ എപ്പോൾ മരിച്ചു എന്നതിന് ഗവണ്മെന്റിന്റെ കൈയിൽ കണക്കില്ല. ഗവണ്മെന്റിന്റെ കൈയിലുള്ള കണക്ക് 2003 ജൂൺ ഒന്നു മുതൽ 2004 ജൂലൈ 31 വരെ 173 കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നാണ്. അത് മുഴുവനും കടം കൊണ്ടാണെന്ന് പറയാൻ പറ്റില്ല; മറ്റ് കാരണങ്ങൾകൊണ്ടും ആത്മഹത്യ ചെയ്തവർ ഉണ്ടായിട്ടുണ്ട്. കടംകൊണ്ട് മരിച്ചവർ 40 പേരാണെന്നാണ് എന്റെ ഓർമ്മ. പ്രത്യേകം ചോദ്യം ചോദിക്കാത്തതുകൊണ്ടാണ്. 28 പേർക്കേ കൊടുത്തിട്ടുള്ളു. ബാക്കിയുള്ളവർക്ക് വേഗം കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കും.

(2) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് പരിഹരിക്കാൻ സംഭരണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വയനാട്ടിലെ കാർഷിക മേഖല ഇന്ന് വല്ലാത്ത ഒരു പ്രതിസന്ധിയിൽ അകപ്പെട്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. വയനാട്ടിലെ കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീമതി കെ.ആർ. ഗൗരിയമ്മ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി കുറേ കാര്യങ്ങൾ പറയുകയുണ്ടായി. വയനാട്ടിലെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്. വയനാട്ടിലെ കാർഷികോൽപ്പന്നങ്ങൾ പ്രധാനമായും കാപ്പിയും കുരുമുളകുമാണ്. ആ കാർഷികോൽപ്പന്നങ്ങൾക്ക് കഴിഞ്ഞ ആറേഴ് വർഷക്കാലമായി നിരന്തരമായി വിലത്തകർച്ചയാണ്. ആ വിലത്തകർച്ച പരിഹരിക്കുന്നതിന് വേണ്ടി ആശ്വാസനടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി പ്രക്ഷോഭങ്ങളും സമരങ്ങളുമൊക്കെ തന്നെ വയനാട്ടിലെ വിവിധ മേഖലകളിൽ നിന്നുണ്ടായിട്ടുണ്ട്. കക്ഷി രാഷ്ട്രീയ ഭേദമന്യേ ആ പ്രശ്നങ്ങളിൽ എല്ലാവരും ഒന്നിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന ദുരിതവും പ്രയാസവും ബുദ്ധിമുട്ടും മാറ്റുന്നതിന്, വിലത്തകർച്ച നേരിടാൻ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കണമെന്നതാണ് ആവശ്യം. സംഭരിക്കണമെന്നുള്ള ജനങ്ങളുടെ നിരന്തരമായ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കുരുമുളക് സംഭരിക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനിച്ചു. ഇപ്പോൾ കുരുമുളക് ഗവൺമെന്റ് സംഭരിക്കുന്നുണ്ട്. ഒരു കിലോ കുരുമുളകിന് 75 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. ഇന്ന് കുരുമുളകിന് 75 രൂപയേക്കാൾ വില കുറവാണ് ഓപ്പൺ മാർക്കറ്റിൽ. കുരുമുളകിന്റെ വില താഴോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. പക്ഷേ 75 രൂപ വച്ച് കുരുമുളക് ഗവൺമെന്റ് സംഭരിക്കുന്നുണ്ട്. സാധാരണ പാവപ്പെട്ട കൃഷിക്കാരനെ സംബന്ധിച്ച് അവർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക്, രണ്ട് ഹെക്ടർ സ്ഥലത്തെ വരെയുള്ള കുരുമുളക് വാങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒരു കുരുമുളക് ചെടിക്ക് ഗവൺമെന്റ് കണക്കാക്കിയ വിളവ് എന്നുപറയുന്നത്, താരിഫ് നിശ്ചയിച്ചിരിക്കുന്നത് 400

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമാണ്. ഒരു ഏക്കറിൽ 800 കുരുമുളക് വള്ളി ഉണ്ടെങ്കിൽ ഏതാണ്ട് 320 കിലോ കുരുമുളക് മാത്രമേ വിൽക്കാൻ കഴിയുകയുള്ളു. ഇത്തരമൊരു സാഹചര്യത്തിൽ കുരുമുളക് കൃഷിക്കാർ, അവർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് വിൽക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന അവസ്ഥയിലേക്ക് ഇന്ന് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒരു കുരുമുളക് ചെടിയിൽ നിന്ന് 4 കിലോ വരെ കുരുമുളക് ലഭിക്കും. ആ നാല് കിലോ കുരുമുളക് ലഭിക്കുന്നിടത്താണ് ഇന്ന് 400 ഗ്രാം എന്നു കണക്കാക്കിക്കൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റ്, കൃഷിക്കാർക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. യഥാർത്ഥത്തിൽ, കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് സംഭരണ ഡിപ്പോയിൽ കൊണ്ടുപോയി വിൽക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. അതിനൊരു മാറ്റമുണ്ടാകണം. നാല് കിലോ എന്നത് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ കൂടിയും ആവറേജ് രണ്ട് കിലോ വച്ചെങ്കിലും കുരുമുളക് ചെടിയിൽ നിന്നും കിട്ടുമെന്ന് കണക്കാക്കി കുരുമുളക് കൃഷിക്കാർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് ഡിപ്പോയിൽ കൊണ്ടുപോയി വിൽക്കാനുള്ള സംവിധാനമുണ്ടായെങ്കിൽ മാത്രമേ കൃഷിക്കാർ രക്ഷപ്പെടാൻ പോകുന്നുള്ളു. അതല്ല 400 ഗ്രാം വച്ചിട്ടാണെങ്കിൽ കൃഷിക്കാർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് കൊണ്ടുപോയി ഡിപ്പോയിൽ വിൽക്കാൻ കഴിയുകയില്ല. കൃഷി ഡിപ്പാർട്ടുമെന്റ് സർട്ടിഫിക്കറ്റ് കൊടുക്കുകയുമില്ല. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ആദ്യം കുറേ നിയമകുരുക്കുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെയും ഈ പ്രശ്നങ്ങളൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി കുറേയേറെ റിലാക്സേഷൻ ഏർപ്പെടുത്തി; കുറേ നിബന്ധനകൾ ഒഴിവാക്കി. കൃഷിക്കാർ റവന്യൂ ഡിപ്പാർട്ടുമെന്റിൽ പോയി നികുതി അടച്ചതിന്റെ റെസീപ്റ്റ് വേണം, സർട്ടിഫിക്കറ്റ് വാങ്ങണം, അതിനുശേഷം കൃഷി ഓഫീസിൽ പോയി സർട്ടിഫിക്കറ്റ് വാങ്ങണം. കൃഷി ഓഫീസർ തോട്ടം പരിശോധിക്കണം എന്നിങ്ങനെയുള്ള നിബന്ധനകളൊക്കെയുണ്ടായിരുന്നു. ആ നിബന്ധനകളിൽ മുഖ്യമന്ത്രി ഇടപെട്ടതിന്ശേഷം കുറച്ച് അയവ് വരുത്തിയിട്ടുണ്ട്. ഇവിടെ പ്രധാനമായും ആവശ്യമുള്ള പ്രശ്നമെന്താണെന്ന് വച്ചാൽ, ഒരു കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് ഡിപ്പോയിൽ കൊണ്ടുപോയി വിൽക്കാനുള്ള ഒരു സംവിധാനമുണ്ടാക്കി എടുക്കുക എന്നുള്ളതാണ്. അതോടൊപ്പം തന്നെ കാപ്പിയുടെ പ്രശ്നം, കാപ്പി സംഭരിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിൽ തന്നെയും കാപ്പി സംഭരിക്കാൻ വേണ്ടി ഗവൺമെന്റ് തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നേരത്തെ ഇവിടെ സൂചിപ്പിച്ചു, ഒരു ഹെക്ടർ കാപ്പിത്തോട്ടമുള്ളവർക്ക് 720 രൂപ വച്ച് ഇൻസെന്റീവ് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന്. ഈ നക്കാപ്പിച്ച പൈസ കൊടുത്തതു കൊണ്ടൊന്നും കാര്യമില്ല; കൊടുത്തിട്ട് ഒരു പ്രയോജനവുമില്ല. ഒരു ഏക്കർ കാപ്പി കൃഷിക്കാരന് 320 രൂപ കിട്ടാൻ പോവുകയാണ്. ആ രൂപ കിട്ടിയതുകൊണ്ട് സർക്കാർ ഖജനാവിൽ കുറച്ച് പണം അതിനുവേണ്ടി ചെലവാക്കുന്നു എന്നത് ഒഴിച്ചാൽ കൃഷിക്കാർക്ക് പ്രയോജനമൊന്നും ഉണ്ടാകാൻ പോകുന്നില്ല. കൃഷിക്കാർക്ക് പ്രയോജനം കിട്ടണമെന്നുണ്ടെങ്കിൽ കുരുമുളക് സംഭരിക്കുന്നതുപോലെ മിനിമം 50 രൂപയെങ്കിലും തറവില നിശ്ചയിച്ചുകൊണ്ട് കാപ്പി സംഭരിക്കുന്ന ഒരു ഏർപ്പാട് ഗവൺമെന്റ് ആവിഷ്ക്കരിച്ചാൽ മാത്രമേ കാപ്പി കൃഷിക്കാർ രക്ഷപ്പെടാൻ പോകുന്നുള്ളു. കർണ്ണാടക സംസ്ഥാനത്ത് നിന്ന് കാപ്പി വരുമെന്നാണ് പറയുന്നത്. കർണ്ണാടക സംസ്ഥാനത്ത് നിന്നോ തമിഴ്നാട്ടിൽ നിന്നോ വരുന്നത് നിയന്ത്രിക്കുവാൻ വേണ്ടിയുള്ള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം ഇവിടെയുണ്ട്. ആ സംവിധാനത്തിലൂടെ ഒരു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ സംഭരിക്കുന്ന ഒരു സംവിധാനം ഇവിടെ ഉണ്ടാക്കിയെടുത്തെങ്കിൽ മാത്രമേ കൃഷിക്കാർ രക്ഷപ്പെടാൻ പോകുന്നുള്ളു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് സംഭരിക്കുന്നത് മാർക്കറ്റിംഗ് ഫെഡറേഷനാണ്. മാർക്കറ്റിംഗ് ഫെഡറേഷൻ സംഭരിച്ചുകൊണ്ടിരിക്കുന്ന കുരുമുളകിന് വയനാട്ടിൽ ആകെ രണ്ട് ഡിപ്പോകളാണുള്ളത്. ഒന്ന് മാനന്തവാടിയിലും മറ്റൊന്ന് മുള്ളൻകൊല്ലിയിലുമായാണ് വയനാട് ജില്ലയിൽ കുരുമുളക് സംഭരിക്കുന്നത്. വയനാട് പോലെ വിസ്തൃതമായ പ്രദേശത്ത്, എത്രയോ കൃഷിക്കാർ അധിവസിക്കുന്ന ഈ പ്രദേശത്ത്, കൽപ്പറ്റയിൽ താമസിക്കുന്ന ഒരു വ്യക്തിക്ക് 45 കിലോമീറ്റർ യാത്ര ചെയ്ത് മാനന്തവാടിയിലോ മുള്ളൻകൊല്ലിയിലോ പോയി കുരുമുളക് വിൽക്കാൻ പറ്റില്ല. അതുകൊണ്ട് മാർക്കറ്റിംഗ് ഫെഡറേഷന്റെ അല്ലെങ്കിൽ അവിടുത്തെ സർവ്വീസ് സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ എല്ലാ സ്ഥലങ്ങളിലും ഡിപ്പോകൾ ആരംഭിച്ചുകൊണ്ട് കുരുമുളക് വ്യാപകമായി സംഭരിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കിയെടുത്തെങ്കിൽ മാത്രമേ കൃഷിക്കാരന് അതിന്റെ പ്രയോജനം ലഭിക്കാൻ പോകുന്നുള്ളു. വയനാട്ടിലാകെ രണ്ട് സ്ഥലത്ത് മാത്രമേ കുരുമുളക് സംഭരിക്കുന്നുള്ളു. ആ സംഭരണം വയനാട്ടിൽ വ്യാപകമാക്കി, മാർക്കറ്റിംഗ് ഫെഡറേഷന്റെ ഡിപ്പോകൾ ഇല്ലെങ്കിൽ സർവ്വീസ് സഹകരണ സംഘങ്ങളെ കുരുമുളക് സംഭരിക്കാൻ ഏൽപ്പിച്ചുകൊടുത്തുകൊണ്ട്, എല്ലാ കർഷകർക്കും കുരുമുളക് വിൽക്കാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ, കുരുമുളക് സംഭരിക്കുന്നതിന് വേണ്ടി സർവ്വീസ് സഹകരണ സംഘങ്ങൾ വിമുഖത കാണിക്കുന്നത് ടാക്സ് അടയ്ക്കുന്ന പ്രശ്നം പറഞ്ഞുകൊണ്ടാണ്. മാർക്കറ്റിംഗ് ഫെഡറേഷന് വേണ്ടി ഡിപ്പോകൾ ഏജൻസികളായി നിന്നുകൊണ്ട് 'സംഭരിക്കുന്ന സാധനം' എന്നുള്ള നിലയിൽ അതിന് ടാക്സ് ഏർപ്പെടുത്താതെ മാറ്റം വരുത്തികൊണ്ട് മുന്നോട്ട് പോകുന്ന സംവിധാനമുണ്ടെങ്കിൽ മാത്രമേ കൃഷിക്കാർക്ക് ഇതിൽ നിന്ന് രക്ഷപ്പെടാൻ കഴിയുകയുള്ളു. സർവ്വീസ് സഹകരണ ബാങ്കുകളിലും ഈ സംവിധാനമുണ്ടാക്കിയാലെ കൃഷിക്കാരെ രക്ഷിക്കാൻ പറ്റുകയുള്ളു. രണ്ട് കാര്യങ്ങളിലും നിർബന്ധമായും ഗവൺമെന്റ് ഇടപെട്ടുകൊണ്ട് അടിയന്തിരമായി കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കുരുമുളകും ഡിപ്പോയിൽ വിൽക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെ കാപ്പി സംഭരിക്കാൻ കാപ്പി കർഷകരെ സഹായിക്കുന്ന സംവിധാനമുണ്ടാക്കുകയും ചെയ്തുകൊണ്ട് വയനാട്ടിലെ കൃഷിക്കാരെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): ഇതിൽ കുറേ കാര്യങ്ങൾ കോടിയേരിയുടെ ശ്രദ്ധക്ഷണിക്കലിൽ വന്നതാണ്. അതിൽ ഒരു ഹെക്ടറിന് ഇത്ര കുരുമുളകേ ഉണ്ടാകൂ എന്നുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് തെറ്റാണെങ്കിൽ അത് തിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ വിഷമമൊന്നുമില്ല. ഗവൺമെന്റ് 20-12-2004-ൽ കൂടിയ യോഗത്തിൽ മുഖ്യമന്ത്രിയും ഉണ്ടായിരുന്നു. അവിടെവച്ചാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് മാർക്കറ്റിംഗ് ഫെഡറേഷനെ ഇതിന്റെ സംഭരണച്ചുമതല ഏൽപ്പിച്ചത്. ആ സംഭരണ ചുമതല ഇന്നിയിപ്പോൾ വേറൊരാളെ മാറ്റി ഏൽപ്പിക്കാൻ ബുദ്ധിമുട്ടാണ്. നേരിട്ട് എടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പൈസ ഗവൺമെന്റിന്റെ കയ്യിലില്ല. നേരിട്ടെടുക്കണമെങ്കിൽ 400 കോടി രൂപയെങ്കിലും വേണം. ആ വിലയ്ക്ക് എടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചത്. കുരുമുളക് സംഭരണത്തിനും കാപ്പിക്ക് ഉൽപ്പാദന പ്രോത്സാഹനവും നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതിയുണ്ടാക്കിയത്. ഒരു ഹെക്ടറിന് 720 രൂപ സഹായധനമായി കാപ്പി കർഷകർക്ക് കൊടുക്കുന്നു. കിലോഗ്രാമിന് 75 രൂപ ലഭിക്കത്തക്ക വിധത്തിലാണ് മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന കുരുമുളക് സംഭരിക്കുന്നത്. രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരിൽ നിന്നും ബന്ധപ്പെട്ട കൃഷിഭവൻ നൽകുന്ന പ്രൊഡക്ഷൻ സർട്ടിഫിക്കറ്റിൽ ഉല്പാദനം കുറവാണെന്നുണ്ടെങ്കിൽ അത് പരിശോധിക്കാം. അതിന്റെ അടിസ്ഥാനത്തിൽ കുരുമുളക് സംഭരണത്തിനായി ഗവൺമെന്റ് 6 കോടി രൂപയുടെ നഷ്ടം സഹിക്കും. അത് കൊടുക്കുകയും ചെയ്യുമെന്ന് പറഞ്ഞിരിക്കുകയാണ്. കുരുമുളക് സംഭരണത്തിന് എന്തെങ്കിലും അപാകതകൾ ഉള്ളതായി ഇതുവരെ സംഭരണ ഏജൻസികളുടെ മുമ്പിൽ ആരും പറഞ്ഞിട്ടില്ല. ഇപ്പോൾ സംഭരണം നടത്തുന്ന സംഘങ്ങൾക്ക് പുറമെ 11 സംഘങ്ങൾ കൂടി സംഭരണ ചുമതല ഏറ്റെടുത്തിട്ടുണ്ട്. കാപ്പിയുടെ വില അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കാപ്പിയുടെ വിലയിടിവിനെ തുടർന്ന് കർഷകർക്ക് ഉൽപ്പാദന പ്രോത്സാഹനം കൊടുക്കുന്നതിനാണ് ഒരു ഹെക്ടർ വരെ കാപ്പി കൃഷിയുള്ളവർക്ക് 720 രൂപ ഒരു ഹെക്ടറിന് സഹായം കൊടുക്കുന്നത്. അത് പരീക്ഷിച്ചു നോക്കുകയാണ്. ഗവൺമെന്റ് ഒരു കമ്മിറ്റി വച്ച് അന്വേഷിപ്പിച്ചു. ആ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഏതായാലും ഇപ്പോൾ പുതിയ ഏജൻസിയെ നടപ്പിലാക്കാൻ സാധിക്കില്ല. വരുന്ന പ്രാവശ്യം ഇത് തെറ്റാണോ ശരിയാണോ എന്ന് പരിശോധിച്ച് നോക്കാം. കൃഷിക്കാരന് കൂടുതൽ ലാഭം കിട്ടുന്നതും കൂടുതൽ ആശ്വാസം കൊടുക്കുന്നതിനും ഏത് വിധമാണെന്നുള്ള നടപടിയാണ് എടുക്കേണ്ടത് എന്ന് പരിശോധിക്കാൻ ഗവൺമെന്റിന് ഒരു വിഷമവുമില്ല. വരുന്ന പ്രാവശ്യം ചെയ്യാം. ഏതായാലും ഇന്ന് ഇത്ര മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, മാർക്കറ്റിംഗ് ഫെഡറേഷന്റെ ഡിപ്പോ രണ്ടെണ്ണമേ ആകെയുള്ളു. എണ്ണം കുറവാണ്. അതുകൊണ്ടാണ് സർവ്വീസ് സഹകരണസംഘങ്ങളെ കൊണ്ടും സംഭരിപ്പിക്കണമെന്നു പറഞ്ഞത്. അതുപോലെ മാർക്കറ്റ് വില നിശ്ചയിത് 75 രൂപയാണ്. അത് 100 രൂപയാക്കി വർദ്ധിപ്പിക്കാൻ ഏർപ്പാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതുപോലെതന്നെ കുരുമുളക് രണ്ട് ക്വിന്റൽ എങ്കിലും ഒരു ഏക്കറിൽ നിന്ന് വിൽക്കാനുള്ള ശേഷി കൃഷിക്കാരന് ഉണ്ടാകണം. ശ്രീമതി ഗൗരിയമ്മ പറഞ്ഞത് കാപ്പിയുടെ കാര്യമാണ്. കാപ്പിയുടെ സീസൺ ആരംഭിക്കുന്നതേയുള്ളു. ഇപ്പോഴാണ് സംഭരിക്കേണ്ടത്. അതിന് ഭേദഗതി വരുത്തിക്കൊണ്ട് സംഭരിക്കാനുള്ള ഏർപ്പാട് കൂടി അക്കാര്യത്തിലുണ്ടാകണം. 10.30 a. m.]

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഇതിനൊക്കെ മറുപടി പറഞ്ഞു കഴിഞ്ഞതാണ്. അപ്പച്ചന് അറിയാഞ്ഞിട്ടാണ്. മാർക്കറ്റിംഗ് ഫെഡറേഷനാണ് ഏത് സൊസൈറ്റി എടുക്കണമെന്നു തീരുമാനിക്കുന്നത്. അവർ എത്ര കൂടുതൽ വേണമെന്നു ആവശ്യപ്പെട്ടിട്ട് രണ്ടെണ്ണത്തിനു പുറമെ 11 സംഘങ്ങളെകൂടി, വയനാട്ടിൽ ഇതിന്റെ സംഭരണ ചുമതല ഏല്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുകയാണ്. അത് അറിഞ്ഞുകാണുകയില്ല, അറിഞ്ഞിരുന്നെങ്കിൽ സംഭരിക്കാൻ തുടങ്ങി എന്ന രീതിയിൽ 150 ടൺ അവർ എടുത്തു കഴിഞ്ഞുവെന്നാണ് എന്നെ അറിയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly